**14-ാം കേരള നിയമ സഭ**

**4-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 333** **27.02.2017-ൽ മറുപടിയ്ക്ക്**

## ദേശീയ മെഡിക്കൽ കമ്മീഷൻ

**ചോദ്യം**

**ശ്രീ. മുല്ലക്കര രത്നാകരൻ :**
**ശ്രീമതി. ഗീതാ ഗോപി :**
**ശ്രീ. കെ. രാജൻ :**

(എ) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യക്ക് പകരം ദേശീയ മെഡിക്കൽ കമ്മീഷനെ കൊണ്ടുവരുന്നതിനുള്ള കേന്ദ്ര സർക്കാർ തീരുമാനം സംബന്ധിച്ച് സംസ്ഥാന സർക്കാർ നിലപാട് അറിയിക്കുമോ;

(ബി) പ്രസ്തുത ദേശീയ കമ്മീഷന്റെ ഘടന എപ്രകാരമായിരിക്കുമെന്ന് വ്യക്തത ലഭിച്ചിട്ടുണ്ടോ; ആരോഗ്യം സംസ്ഥാന വിഷയമാണെന്നിരിക്കെ കേന്ദ്ര സർക്കാരിന്റെ ഈ തീരുമാനം ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്മീഷനിൽ സംസ്ഥാന കൗൺസിലുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഉണ്ടാകില്ലെന്നും കേന്ദ്ര സർക്കാർ നോമിനികളായിരിക്കും ഉണ്ടാകുക-യെന്നുമുള്ളത് സംസ്ഥാന സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

**ഉത്തരം**

**ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)**

(എ), (ബി) & (സി) 08.09.2016 ൽ നീതി ആയോഗ് ന്യൂഡൽഹിയിൽ വച്ച് നടത്തിയ ദേശീയ മെഡിക്കൽ കമ്മീഷൻ രൂപീകരണത്തെ സംബന്ധിച്ച ചർച്ചയിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പങ്കെടുക്കുകയുണ്ടായി. ജനാധിപത്യ സംവിധാനം അട്ടിമറിച്ചുകൊണ്ട് നാമകരണം ചെയ്യപ്പെട്ട പ്രതിനിധികളെ ഉൾപ്പെടുത്തി നാഷണൽ മെഡിക്കൽ കമ്മീഷൻ രൂപീകരിക്കുന്നതിലുള്ള അപാകത സംസ്ഥാനം ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**